**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **18-01-2021 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രീപ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലംവരെ മാതൃഭാഷ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസ് പിൻതുടരുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാളം പഠിപ്പിക്കാത്ത കന്നട, തമിഴ് മീഡിയം സ്കൂളുകളിൽ മലയാള ഭാഷവിനിമയം ചെയ്യുന്നതിനായി 'നമ്മുടെ മലയാള' പാഠപുസ്തകം SCERT തയ്യാറാക്കിയിട്ടുണ്ട്. 1,2,3,4 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകം തയ്യാറാക്കിക്കഴിഞ്ഞു. ഘട്ടം ഘട്ടമായി മറ്റു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസതകങ്ങളും തയ്യാറാക്കി നൽകുന്നതാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകൾ ഒന്നാം ഭാഷയായും, ഹയർസെക്കണ്ടറി തലത്തിൽ ഉപഭാഷയായും ഓപ്ഷണൽ ആയും മലയാളം പഠിപ്പിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. ഇതിനുള്ള പാഠപുസ്തകങ്ങളും SCERT തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പൊതുവിദ്യാലയങ്ങളെ കൂടുതൽ ആകർഷകമാക്കുന്നതിനായി ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷ പഠനവും ഒപ്പം കൊണ്ടുപോകുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | 'റെലിഷ് ഇംഗ്ലീഷ്', 'ഹലോ ഇംഗ്ലീഷ്', 'ഇ-ക്യൂബ് ഇംഗ്ലീഷ്' എന്നീ പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ആശയവിനിമയ ശേഷി മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിനോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനും ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള താൽപര്യം വളർത്താനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ